ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക പരിമിതി.

(സി) ഗവൺമെൻറ് എച്ച്. എസ്. കുറനിപ്പാങ്ങാട്, ഗവൺമെൻറ് എൽ. പി. എസ്. വഞ്ചിവയൽ എന്നീ സ്കൂളുകളുടെ പേര് കെട്ടിടനിർമ്മാണത്തിനുള്ള മുൻഗണനാപട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനാവശ്യമായ ഒരുലക്ഷം രൂപ പി. ടി. എ. കളെ ഏൽപ്പിക്കുമെന്ന പ്രഖ്യാപനം

516 [717] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനാവശ്യമായ ഒരുലക്ഷം രൂപ പി. ടി. എ. കളെ ഏൽപ്പിക്കുമെന്ന് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ മാറ്റംവരുത്തി പി. ഡബ്ലിയു. ഡി. എഞ്ചിനീയർമാരെ ഏൽപ്പിക്കുകയുണ്ടായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ, ബി, സി) വെള്ളപ്പൊക്ക കെടുതിയിൽപ്പെട്ട സ്കൂൾ കെട്ടിടങ്ങളുടെ പുനർനിർമ്മാണം, താൽക്കാലിക ഷെഡ്ഡുകളുടെ നിർമ്മാണം മുതലായവയ്ക്കുവേണ്ടി വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും ആവശ്യമായ ഓരോ സ്കൂളിനും ഒരുലക്ഷം രൂപാ വീതം സർക്കാർ അനുവദിക്കുകയുണ്ടായി. ഈ പദ്ധതി അതാത് അദ്ധ്യാപക രക്ഷാകർതൃ സംഘടനമുഖേന നടപ്പിലാക്കുന്നതാണ്. സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ചെയ്യുന്നതുപോലെ ജോലിയുടെ പുരോഗതി അനുസരിച്ച് ആവശ്യമായ തുക പൊതുമരാമത്തു വകുപ്പ് മുഖേന അദ്ധ്യാപക-രക്ഷാകർതൃ സംഘടനകളെ ഏൽപ്പിക്കുന്നതാണ്.

പണി പൂർത്തിയാവാത്ത സർക്കാർ സ്കൂൾ കെട്ടിടങ്ങൾ

517 [718] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക നിവാരണ പദ്ധതിയനുസരിച്ച് ഓരോ മണ്ഡലത്തിലും സ്കൂൾ കെട്ടിടങ്ങൾക്ക് അനുവദിക്കുമെന്ന് പ്രഖ്യാപിച്ച 2 ലക്ഷം രൂപ പണി പൂർത്തിയാകാത്ത സർക്കാർ സ്കൂൾ കെട്ടിടങ്ങൾ പൂർത്തിയാക്കാൻ നല്കണമെന്ന് എം. എൽ. എ. മാരും പി. ടി. എ. കളും ആവശ്യപ്പെട്ടിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് സർക്കാർ ഇത് അനുവദിക്കാതിരുന്നത് ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly